"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - ചിറയിൻകീഴ് നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂളിന്റെ കീഴിലുള്ള എച്ച്.എസ്.എസ്.റ്റി/എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ.ദിലീപ് സി.ഡി. യെ നോമിനേറ്റ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4601/2024/GEDN തീയതി,തിരുവനന്തപുരം, 22-07-2024

പരാമർശം:-

1. ജി.ഒ.(എം.എസ്) നം.123/2014/പൊവിവ തീയതി 04/07/2014.
2. ജി.ഒ.(എം.എസ്) നം.35/2016/പൊവിവ തീയതി 03/02/2016.
3. ജി.ഒ.(എം.എസ്) നം.106/2017/പൊവിവ തീയതി 21/08/2017.
4. ജി.ഒ.(എം.എസ്) നം.29/2023/പൊവിവ തീയതി 24/03/2023.
5. ജി.ഒ.(ആർ.റ്റി) നം.4153/2023/പൊവിവ തീയതി 18/07/2023.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കന്ററി വിഭാഗം) 19/06/2024-ലെ HSE/10271/2024-Acd C1 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ചിറയിൻകീഴ് നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂളിന്റെ കീഴിലുള്ള താഴെ പറയുന്ന എച്ച്.എസ്.എസ്.റ്റി/എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ.ദിലീപ് സി.ഡി. യെ നോമിനേറ്റ് ചെയ്യുന്നതിനായി ചിറയിൻകീഴ് നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂളിന്റെ മാനേജർ സമർപ്പിച്ച പ്രൊപ്പോസൽ പൊതു വിദ്യാഭ്യാസഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം) പരാമർശം (6) പ്രകാരം ലഭ്യമാക്കിയിരിക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | തസ്തിക | ഒഴിവിന്റെ സ്വഭാവം | നിയമന രീതി |
|---|---|---|---|---|
| 1 | എസ്.എസ്.വി.എച്ച്.എസ്.എസ്. | എച്ച്.എസ്.എസ്.റ്റി | വിരമിക്കൽ | ഭിന്നശേഷി |

| | | | | |
|---|---|---|---|---|
| | ചിറയിൻകീഴ് | കെമിസ്ട്രി | മൂലം | നിയമനം |
| 2 | എസ്.എസ്.വി.എച്ച്.എസ്.എസ്. ചിറയിൻകീഴ് | എച്ച്.എസ്.എസ്.റ്റി ജൂനിയർ കൊമേഴ്സ് | പ്രൊമോഷൻ ഒഴിവ് | നേരിട്ടുള്ള നിയമനം |
| 3 | എസ്.എൻ.വി.എച്ച്.എസ്.എസ്. പനയറ | എച്ച്.എസ്.എസ്.റ്റി ജൂനിയർ മലയാളം | വിരമിക്കൽ മൂലം | ഭിന്നശേഷി നിയമനം |

നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂളിന്റെ കീഴിലുള്ള സ്കൂളുകളിലെ റോസ്റ്റർ പരിശോധിക്കുകയും ഒരു എച്ച്.എസ്.എസ്.റ്റി കെമിസ്ട്രി തസ്തികയും ഒരു എച്ച്.എസ്.എസ്.റ്റി ജൂനിയർ മലയാളം തസ്തികയും ഭിന്നശേഷി നിയമനത്തിന് സംവരണം ചെയ്ത് എംപ്ലോയ്മെന്റിൽ അറിയിച്ചിട്ടുണ്ട് എന്ന് ആർ.ഡി.ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.ദിലീപ് സി.ഡി. ജോയിന്റ് സെക്രട്ടറിയെ സർക്കാർ പ്രതിനിധിയായി നിയമിക്കുന്നതിനായുള്ള മാനേജരുടെ സമ്മത പത്രം, സർക്കാർ പ്രതിനിധിയായി നിയമിക്കുന്നതിനായുള്ള ശ്രീ.ദിലീപ് സി.ഡി യുടെ സമ്മതപത്രം, 2023-24 അക്കാദമിക് വർഷം 5 ൽ അധികം സെലക്ഷൻ കമ്മിറ്റികളിൽ പങ്കെടുത്തിട്ടില്ല എന്നുള്ള ടിയാന്റെ ഡിക്ലറേഷൻ എന്നിവയും പ്രൊപ്പോസലിനൊപ്പം സമർപ്പിച്ചിട്ടുണ്ട്. 18/7/2023 ലെ സ.ഉ.(സാധാ.)നം.4153/2023/പൊ.വി.വ ഉത്തരവുപ്രകാരം അംഗീകരിച്ച 2023-24 ലെ അംഗീകൃത പാനലിൽ ശ്രീ.ദിലീപ് സി.ഡി. യുടെ പേര് സീരിയൽ നമ്പർ 4 ആയി ഉൾപ്പെട്ടിട്ടുണ്ട്. 2024-25 വർഷത്തെ സർക്കാർ പ്രതിനിധികളുടെ അംഗീകൃത പാനൽ നിലവിൽ വന്നിട്ടില്ല. ഇതിനോടകം ഗവ.നോമിനിക്കായി സമർപ്പിച്ച് തീർപ്പാക്കാനുള്ള 2023-24 അധ്യയനവർഷത്തിലെ അപേക്ഷകളിൽ പുതിയ ലിസ്റ്റ് ഉത്തരവായി വരുന്നത് വരെ നിലവിലുള്ള ലിസ്റ്റിൽ നിന്ന് അനുവാദം നൽകാവുന്നതാണ്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.ദിലീപ് സി.ഡിയ്ക്ക് അനുവദനീയമായ TA/DA എന്നിവ മാനേജർ നൽകേണ്ടതാണെന്നും സർക്കാർ അനുവദിച്ച തസ്തികകളിലേക്കുള്ള ടി സെലക്ഷൻ നടപടികൾ കെ.ഇ.ആർ ചട്ടം 32 പ്രകാരമാണ് നടത്തുന്നതെന്ന് ഗവൺമെന്റ് പ്രതിനിധി ഉറപ്പാക്കേണ്ടതും അത് സംബന്ധിച്ച വിശദമായ റിപ്പോർട്ടും ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന വ്യക്തികളുടെ വിശദാംശങ്ങളുടെ പകർപ്പ സഹിതം ഇന്റർവ്യൂ നടന്ന് 15 ദിവസത്തിനകം സർക്കാരിൽ ലഭ്യമാക്കേണ്ടതാണെന്നും ഭിന്നശേഷി സംവരണത്തിനായി നീക്കിവച്ചിട്ടുള്ള തസ്തികയിലെ ഒഴിവിലേക്ക് എംപ്ളോയ്മെൻറിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ടതാണെന്നും ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ/കോടതി വിധിന്യായങ്ങൾ/പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തുന്നതിന് സെലക്ഷൻ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥകളിന്മേലും 2024-25 വർഷത്തെ തസ്തിക നിർണ്ണയം പ്രകാരം ടി തസ്തിക നിലനിൽക്കുന്നുണ്ടെങ്കിൽ ചിറയിൻകീഴ് നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂളിന്റെ കീഴിലുള്ള മുകളിൽ പറഞ്ഞിരിക്കുന്ന എച്ച്.എസ്.എസ്.റ്റി/എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി 2023-24 വർഷത്തെ സർക്കാർ പ്രതിനിധികളുടെ അംഗീകൃത പാനലിൽ ഉൾപ്പെട്ട ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ.ദിലീപ് സി.ഡി. യെ കെ.ഇ.ആർ അദ്ധ്യായം 32 ചട്ടം 5 നോട്ട് പ്രകാരം നോമിനേറ്റ് ചെയ്ത് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SWAPNA P
ജോയിന്റ് സെക്രട്ടറി

ശ്രീ.ദിലീപ് സി.ഡി., ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
മാനേജർ, നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസ്, ചിറയിൻകീഴ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം-695 001.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം.
പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്. (12.07.2024 JR3/222/2024/GEDN പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ. (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/85/2024/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 22-07-2024 16:17:21
സെക്ഷൻ ഓഫീസർ